## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** — **21-06-2024 - ൽ മറുപടിയ്ക്ക്**

## ബാറുടമകൾക്കിടയിലെ പണപിരിവ് സംബന്ധിച്ച അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാർ ഉടമകൾക്ക് അനുകൂലമായി മദ്യനയം നടപ്പാക്കുന്നതിനായി ബാറുടമകൾക്കിടയിൽ പണപിരിവ് നടത്തി എന്ന തരത്തിൽ ബാറുടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്നതായ സംഭവത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ചില മാധ്യമങ്ങളിൽ ശബ്ദസന്ദേശം പ്രചരിച്ചതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024-ൽ അന്വേഷണം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി യ്ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്. |
| (ബി) | ക്രൈം ബ്രാഞ്ച് അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | ചില മാധ്യമങ്ങളിൽ ശബ്ദസന്ദേശം പ്രചരിച്ചതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024-ൽ അന്വേഷണം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി യ്ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസ് അട്ടിമറിക്കാനാണ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | മികവുറ്റ കുറ്റാന്വേഷണത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാംസ്ഥാനമാണ് ഇന്ന് കേരള പോലീസിനുള്ളത്. സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ